പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **653**

**05.06.2018** ൽ മറുപടിക്ക്

**മണൽ ഖനനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ആലപ്പാട്ട് വില്ലേജിലെ വെള്ളനാതുരുത്തിൽ നടക്കുന്ന മണൽ ഖനനം സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കടൽ തീരത്ത് നിന്ന് ശേഖരിക്കാവുന്ന ധാതുവിന്റെ അളവ് സംബന്ധിച്ച് National Centre for Earth Science Studies (NCESS) എന്ന സ്ഥാപനം ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. ഹൈദരാബാദിലെ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലൊറേഷൻ & റിസർച്ചും ബംഗളൂരുവിലെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസും അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ് പ്രസ്തുത പ്രദേശത്ത് ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് കരിമണൽ ഖനനം നടത്തുന്നത്. |
| (ബി) പ്രസ്തുത വില്ലേജിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് മണൽ ഖനനം നടക്കുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | മെ. ഐ.ആർ.ഇ.എൽ എന്ന കേന്ദ്ര സർക്കാർ പൊതു മേഖലാ സ്ഥാപനത്തിന് കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് വില്ലേജ് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കരിമണൽ ഖനനം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഖനനാനുമതികൾ പ്രകാരം ആലപ്പാട് വില്ലേജിലെ റീ.സർവെ നമ്പർ 127/9 മുതൽ 127/13 വരെയും, 129/1, 174 എന്നിവയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് മെ.ഐ.ആർ.ഇ.എൽ ഇപ്പോൾ ഖനനം നടത്തുന്നത് |

Manjith

**സെക്ഷൻ ഓഫീസർ**